**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2791** **28-02-2023 - ൽ മറുപടിയ്ക്ക്**

**വനത്താൽ ചുറ്റപ്പെട്ട സ്വകാര്യ ഭൂമി ഏറ്റെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മൂന്നുഭാഗവും വനത്താൽ ചുറ്റപ്പെട്ട സ്വകാര്യ ഭൂമിയിൽ കൃഷി അസാധ്യമായതിനാൽ ഇത്തരത്തിലുള്ള സ്ഥലം വനം വകുപ്പ് വില നൽകി ഏറ്റെടുക്കുന്ന പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കേരള വനം - വന്യജീവി വകുപ്പ് റീബിൽഡ് കേരള ഡെവലപ്മെന്റ് സ്വയംസന്നദ്ധ പുനരധിവാസ/ കിഫ്ബി ഫേസ് II എന്നീ സർക്കാർ പദ്ധതികൾ വിനിയോഗിച്ച് വനാന്തരങ്ങളിൽ ഒറ്റപ്പെട്ട് താമസിക്കുന്ന ആദിവാസി ഇതര ജനവിഭാഗങ്ങൾക്ക് അവർ സന്നദ്ധത അറിയിക്കുന്ന പക്ഷം മാറി താമസിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. |
| (ബി) | എങ്കിൽ ഇതിന്റെ നടപടിക്രമങ്ങളും വിശദാംശവും ലഭ്യമാക്കുമോ; ഉടമസ്ഥൻ തയ്യാറാണെങ്കിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | പൊതുജനങ്ങളുടെ പൂർണ്ണ സമ്മതത്തോടെ അവരുടെ ഭൂമി മതിയായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് സർക്കാർ റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി (14.11.2019-ലെ ജി.ഒ. (ആർ.റ്റി) 483/2018/ പി&ഇ.എ നമ്പർ ഉത്തരവ്), കിഫ്ബി Phase II (23.01.2020-ലെ ജി.ഒ (എം.എസ്) 2/2020/വനം വന്യജീവി, 02.08.2021-ലെ ജി.ഒ (എം.എസ്) 12/2021/വനം വന്യജീവി നമ്പർ ഉത്തരവുകൾ) എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>കേരളത്തിലെ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി ഇതര കുടുംബങ്ങൾ സ്വമേധയാ അതാത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് തങ്ങളുടെ കൈവശഭൂമി മേൽപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ നൽകുകയും, അപേക്ഷകർ ഉൾപ്പെട്ടിട്ടുള്ള സെറ്റിൽമെന്റ് മേൽപദ്ധതിയുടെ അംഗീകൃത മാർഗ്ഗരേഖ യുടെ അടിസ്ഥാനത്തിൽ അംഗീകൃതമാണോ എന്ന് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പരിശോധിക്കുന്നതാണ്. ആയത് അംഗീകൃതമാണെങ്കിൽ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ബന്ധപ്പെട്ട ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ മുഖേനെ സ്പെഷ്യൽ ഓഫീസർ, RKDP ക്ക് സമർപ്പിക്കുകയും ആയത് സ്പെഷ്യൽ ഓഫീസർ RKDP സ്റ്റേറ്റ് ലെവൽ എംപവേർഡ് |

| | | | |
|---|---|---|---|
| | | | കമ്മിറ്റിയിൽ അവതരിപ്പിച്ച്, ടി സെറ്റിൽമെന്റിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അതിലുൾപ്പെട്ടിട്ടുള്ള അപേക്ഷകരുടെ കൈവശഭൂമി സ്ഥലപരിശോധന നടത്തിയും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും ഓരോ അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതിതുകയായ 15 ലക്ഷം രൂപ രണ്ട് ഗഡുക്കളായി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ